പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 248 30.11.2015 ൽ മറുപടിക്ക്

## കേരളാ ഹൗസിലെ പോലീസ് പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, കെ.രാധാകൃഷ്ണൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സർക്കാരിന്റെ ഡൽഹിയിലുള്ള ഔദ്യോഗിക അതിഥി മന്ദിരത്തിൽ നിയമം ലംഘിച്ച് പോലീസ് കടന്നു കയറുകയുണ്ടായോ; | (എ) ഉണ്ടായി |
| (ബി) എങ്കിൽ സംഭവം സംബന്ധിച്ച് വിശദമാക്കാമോ; കേരളാ ഹൗസിലെ കാന്റീനിലെ ഭക്ഷ്യവസ്തുക്കൾ ഡൽഹി പോലീസ് പരിശോധിക്കുകയുണ്ടായോ; പ്രസ്തുത പ്രശ്നത്തിൽ പ്രതിഷേധം ഉയർന്നു വരുകയുണ്ടായോ; | ബി) കേരളഹൗസിലെ സ്റ്റാഫ് കാന്റീനായ സമൃദ്ധി റസ്റ്റോറന്റിൽ ഗോമാംസം വിൽക്കപ്പെടുന്നു എന്ന തെറ്റായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡൽഹി പോലീസ് നിയമം ലംഘിച്ച്, റസിഡന്റ് കമ്മീഷണറുടെയോ കൺട്രോളറുടെയോ അനുവാദം കൂടാതെ 26.10.2015 വൈകുന്നേരം 4 മണിക്ക് കാന്റീനിൽ പ്രവേശിക്കുകയും കാന്റീനിലെ മെനു സംബന്ധിച്ച് കൗണ്ടറിലെ ജീവനക്കാരെ ചോദ്യം ചെയ്യുകയുമുണ്ടായി. ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുകയുണ്ടായില്ല. റസിഡന്റ് കമ്മീഷണറുടെയോ കേരളഹൗസ് കൺട്രോളറുടെയോ മുൻകൂർ അനുവാദമില്ലാതെ കാന്റീനിൽ പ്രവേശിച്ച ഡൽഹി പോലീസ് നടപടിയിൽ ശക്തമായ പ്രതിഷേധം ഉണ്ടായി. |
| (സി) സംഭവത്തെ തുടർന്ന് യഥാസമയം ശക്തമായ നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; | (സി) ഈ വിഷയത്തിൽ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റസിഡന്റ് കമ്മീഷണർ യഥാസമയം സർക്കാരിന് റിപ്പോർട്ട് നൽകുകയും ഡൽഹി പോലീസ് കമ്മീഷണർക്ക് പരാതി നൽകുകയും ചെയ്തു. കൂടാതെ ബഹു.മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയേയും കേന്ദ്ര ആഭ്യന്തരമന്ത്രിയേയും ശക്തമായി പ്രതിഷേധം അറിയിക്കുകയും കേരളഹൗസിന്റെ പ്രവർത്തനം |

സുഗമമാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കത്തയയ്ക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| (ഡി) | സംഘപരിവാറുകാർക്ക് ഈ സംഭവത്തിലുള്ള പങ്ക് എന്തായിരുന്നു; സംസ്ഥാന സർക്കാർ ഡൽഹിയിൽ പോലീസിന് പരാതി നൽകിയത് എപ്പോഴായിരുന്നു? | (ഡി) | സംഘപരിവാറുകാരുടെ പങ്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാന സർക്കാർ ഡൽഹി പോലീസിന് പരാതി നൽകിയത് 27.10.2015 തീയതിയിലാണ്. |

Rajani M

സെക്ഷൻ ഓഫീസർ